"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- വാർഷിക പദ്ധതി 2026-27- കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം- പദ്ധതികൾക്ക് ഭരണാനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.32/2026/HSG തീയതി,തിരുവനന്തപുരം, 05-10-2026

---

പരാമർശം:-

1. സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 01.08.2026-ലെ KESNIK/689/2025-OVSR2(TECH) നമ്പർ കത്ത്.
2. 18.08.2026-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

**ഉത്തരവ്**

ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 2026-27-ലെ സംസ്ഥാന ബജറ്റിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2216-80-101-98 എന്ന ശീർഷകത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി ആകെ 2.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

1. ഹൗസിംഗ് പാർക്ക്
2. ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസിന് ക്യാമ്പസ് നിർമ്മിക്കൽ.
3. ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസദ്ധീകരണ ഉൾപ്പെടെ)
4. ഫിനിഷിംഗ് സ്കൂൾ (നൈപുണ്യം മെച്ചപ്പെടുത്തുന്നതിനുള്ള ഫിനിഷിംഗ് സ്കൂൾ, സ്കൂൾ എഫ് ഡിസൈനും, സ്കൂൾ ഓഫ് പ്രോജക്ട് മാനേജ്മെന്റ് ആന്റ് കൺസൾട്ടൻസി ഉൾപ്പെടെ)
5. പദ്ധതികൾക്കുള്ള കൺസൾട്ടൻസി സേവനങ്ങളും മാർഗനിർദ്ദേശങ്ങളും നല്കുന്നതിനായി ലോജിസ്റ്റിക്സ് സെന്റർ സ്ഥാപിക്കൽ.

2. 2026-27 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ വിശദാംശങ്ങൾ പരാമർശം (1) പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ലഭ്യമാക്കുകയും പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുകയായ ₹2.25 കോടിയുടെ ഭരണാനുമതി നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

3. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ പദ്ധതി പ്രൊപ്പോസലുകൾ 18.08.2026-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും 3 പദ്ധതികൾക്ക് ഭരണാനുമതി നൽകുവാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

4. 2026-27 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 2216-80-101-98 ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്ന് ആകെ ₹ 2 കോടി (രണ്ടു കോടി രൂപ മാത്രം) വിനിയോഗിച്ച് ചുവടെപ്പറയുന്ന പദ്ധതികൾ നിലവിലുള്ള പൊതു വ്യവസ്ഥകൾക്ക് വിധേയമായി നടപ്പാക്കുന്നതിനായി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഗവേഷണവും വികസനവും, സുസ്ഥിര നിർമ്മാണത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയും (മെറ്റീരിയലുകളുടെ പ്രസിദ്ധീകരണം ഉൾപ്പെടെ) | • Research & Development - ₹40 Lakhs<br>• Awarness Programmes and Publication of Materials - ₹10 Lakhs | 50 |
| 2 | ഫിനിഷിംഗ് സ്കൂൾ | • 3 Finishing School Courses for Good construction practices in Thiruvananthapuram, Ernakulam & Kozhikode ; Finishing School for Skill improvement- ₹34 Lakhs<br>• 3 Short term courses in School of Design-₹33 Lakhs<br>• School of Project Management & Consultancy-₹33Lakhs | 100 |
| 3 | പദ്ധതികൾക്കുള്ള കൺസൾട്ടൻസി സേവനങ്ങളും മാർഗനിർദ്ദേശങ്ങളും നല്കുന്നതിനായി ലോജിസ്റ്റിക്സ് സെന്റർ സ്ഥാപിക്കൽ. | • Guidance Cell at KESNIK Head Office, Thiruvananthapuram - ₹50 Lakhs | 50 |
| | Total | | 200 lakhs |

1. പദ്ധതി നിർവ്വഹണത്തിന്റെയും ഫണ്ട് വിനിയോഗത്തിന്റെയും മേൽനോട്ടം നിർമ്മിതി

കേന്ദ്രത്തിന്റെ നിരീക്ഷണ സംവിധാനത്തിന്റെ ചുമതലയായിരിക്കും.

2. സർക്കാർ അംഗീകരിച്ച് നല്കിയ പ്രോജക്ട് പ്രൊപ്പോസലിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

3. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമെങ്കിൽ ടെണ്ടർ/ഇ-ടെണ്ടർ നടപടി സ്വീകരിക്കേണ്ടുന്നതും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതുമാണ്.

4. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള ഉത്തരവുകളും നിയമപരമായ വ്യവസ്ഥകളും പാലിച്ചുകൊണ്ട് സുതാര്യമായ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

5. സ്റ്റോർ പർച്ചേസ് നിയമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

6. പദ്ധതി ചെലവുകൾ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ അധികരിക്കാൻ പാടില്ലാത്തതും അനുവദിച്ച ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുക മാത്രം ചെലവഴിക്കേണ്ടതുമാണ്.

7. പദ്ധതി തുകയിൽ ആവശ്യാനുസരണം മാത്രം തുക അനുവദിച്ച് നല്കാവുന്നതും എന്നാൽ അനുവദിച്ച തുക ബാങ്കിൽ നിലനിർത്താൻ പാടില്ലാത്തതുമാണ്.

8. തസ്തിക സൃഷ്ടിക്കുന്നതും വാഹനങ്ങൾ വാങ്ങുന്നതും ഈ പദ്ധതിയിൽ അനുവദനീയമല്ല.

9. ഈ പദ്ധതികളുടെ കാലയളവ് ഒരു വർഷമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം
ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്
സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഐ & പി. ആർ. (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Krishnakumar S
Date: 05-10-2026
16:47:10

സെക്ഷൻ ഓഫീസർ